GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

---

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/06/2026

1. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2026 ജൂൺ 9 ന് കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലെ കൃഷി ഉദ്യോഗസ്ഥരും, ഗവേഷകരും, കർഷകരും പങ്കെടുക്കുന്ന കാർഷിക ഗവേഷണ വിജ്ഞാന വ്യാപന ഉപദേശക സമിതി യോഗം ചേരുന്നതായി അറിയിക്കുന്നു. ഫോൺ : 0481 2524421.

2. കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund -AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2026 സെപ്റ്റംബർ 30 വരെ

ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PMFME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യാമാകും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന

സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി 8137008197, 8921540233, 9020060507 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കുട്ടനാട്ടിൽ രണ്ടാം കൃഷി രണ്ടാം കൃഷിയിറക്കുന്ന കർഷകരുടെ ശ്രദ്ധയ്ക്ക്, നെൽകൃഷിയിൽ നേരിടുന്ന പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ട് അവയ്ക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നിലം ഒരുക്കുന്നതു മുതൽ നടപ്പാക്കേണ്ടതാണ്. പ്രധാനമായും തണ്ടുതുരപ്പൻ, ഓലചുരുട്ടി, ബാക്ടീരിയൽ ഇലകരിച്ചിൽ, പാടങ്ങളുമായി ബന്ധപ്പെട്ട ജലാശയ ങ്ങളിലെ ലവണാംശം എന്നിവ വലിയ തോതിലുള്ള വിളനഷ്ടത്തിന് കാരണമാകാം. **മുൻകരുതലായി നടപ്പിലാക്കേണ്ട പ്രവൃത്തികൾ** – പുഞ്ചകൃഷിയും കൂടി ചെയ്യുന്ന പാടങ്ങളിൽ ലവണാംശം മൂലമുള്ള വിളനഷ്ടം കുറയ്ക്കുന്നതിന് ജൂൺ മാസത്തിൽ തന്നെ രണ്ടാം കൃഷി ആരംഭിക്കേണ്ടതാണ്. പുഞ്ച കൃഷി നവംബർ മാസത്തിൽ തന്നെ ആരംഭിക്കേണ്ടതുമാണ്.

**അമ്ലത ക്രമീകരണം** : കുട്ടനാട്ടിലെ മണ്ണിലെ അമ്ലതകൊണ്ട് വിളയുടെ ആരോഗ്യംകുറയുകയും, ഇത്തരം പാടങ്ങളിൽ കീടരോഗബാധ കൂടുതലായും കാണപ്പെട്ടു. തവിട്ടു പുള്ളിക്കുത്തും നെൻമണിയിലെ കറവലും അമ്ലത കൂടുതലുള്ള പാടങ്ങളിലാണ് കാണുന്നത്. ഇത് നെല്ലിൻ്റെ വിളവിനെയും, ഗുണനിലവാരത്തെയും ബാധിക്കുകയും നെല്ല് സംഭരണ

സമയത്ത് കൂടുതൽ കിഴിവ് കൊടുക്കുന്നതിനും കാരണമാകുന്നു. ആയതിനാൽ നിലം ഒരുക്കുമ്പോൾ തന്നെ കുമ്മായ വസ്തുക്കൾ ചേർക്കേണ്ടതാണ്. വയലിലെ വെള്ളം വാർത്തുകളഞ്ഞ് കുമ്മായം 150 കി.ഗ്രാം., ഡോളോമൈറ്റ് 80 കി.ഗ്രാം.. കാൽസ്യം സിലിക്കേറ്റ് 100 കി.ഗ്രാം. ഇവയിലേതെങ്കിലും ചേർത്ത് കളകളും കച്ചിക്കുറ്റിയും നല്ലതുപോലെ ഉഴുത് മണ്ണിൽ ചേർക്കുക. 48 മണിക്കൂറിനുശേഷം വെള്ളം കയറ്റി കഴുകണം. മനുരത്ന, ജ്യോതി ഇവ കൃഷി ചെയ്യുന്ന പാടങ്ങളിലും മുൻവിള സീസണിൽ ബ്ലാസ്റ്റ്, ഓലകരിച്ചിൽ ഇവ ഉണ്ടായിരുന്ന പാടങ്ങളിലും, കാൽസ്യം സിലിക്കേറ്റ് ഉപയോഗിക്കുന്നത് അഭികാമ്യമാണ്. നിലം നിരപ്പാക്കിയ ശേഷം 30 സെ.മീ. ആഴത്തിൽ വാചാലുകളും. 15 സെമീ ആഴത്തിൽ 10 മീറ്റർ ഇടവിട്ട് കച്ചാലുകളും എടുത്ത് ശരിയായ ജലനിർഗ്ഗമനം സാദ്ധ്യമാക്കുക.

**കളനിയന്ത്രണം** : കളകളുടെ ഇനം നോക്കി യോജിച്ച കളനാശിനി തെരഞ്ഞെടുക്കുക. ശുപാർശ ചെയ്ത അളവിൽ മാത്രം കളനാശിനി പ്രയോഗിക്കുക, 45 ദിവസം വരെ കളശല്യമില്ലാതെ ശ്രദ്ധിക്കേണ്ടതാണ്.

**വിത്ത് പരിചരണം:** ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണോസ് ഫ്ളൂറസെൻസ്, 10 ഗ്രാം. ബാസിലസ്

സബ്റ്റിലിസ് എന്നിവ ചേർത്ത് വിത്തുപചാരം നടത്തുന്നത് നല്ലതാണ്. തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയുടെ നിയന്ത്രണം - പാടം നല്ലവണ്ണം ഉഴുത് വെള്ളം കെട്ടി നിർത്തി പുഴുക്കളെയും സമാധിദശയെയും നശിപ്പിക്കുക.

**ശലഭങ്ങളെയും മുട്ടക്കൂട്ടങ്ങളെയും നശിപ്പിക്കുന്നതാണ് ഏറ്റവും ഫലപ്രദം.** രാസകീടനാശിനിപ്രയോഗം തണ്ടുതുരപ്പന് ഫലപ്രദമല്ല. വിളക്ക് കെണികൾ സ്ഥാപിച്ച് ശലഭങ്ങളെ നശിപ്പിക്കുക. മുട്ടക്കാർഡുകൾ ഉപയോഗിക്കുക - തണ്ടുതുരപ്പന് ട്രൈക്കോഗ്രാമ ജപ്പോണിക്കം, ഓലചുരുട്ടിയ്ക്ക് ട്രൈക്കോഗ്രാമ ചിലോണിസ് എന്ന പരാദത്തിന്റെ മുട്ടക്കാർഡുകളാണ് ഉപയോഗിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന കീടനിരീക്ഷണകേന്ദ്രവുമായി **9383470696** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം KSAMM ഓഫീസിൽ നിന്നും വിവിധ ഇനം ഒട്ടുമാവ് തൈകൾ ജൂൺ നാല് മുതൽ വില്പനക്ക് ലഭ്യമാണ്. പോളി ബാഗ് മാവ് ഗ്രാഫ്റ്റ് ഒരെണ്ണത്തിന് വില 125 രൂപ. HDPE ചട്ടിയിൽ മാവ് ഗ്രാഫ്റ്റ് വില ഒന്നിന് 500 രൂപ. ഫോൺ നമ്പർ : 8281200673.

5. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം നോഡൽ ഓഫീസിലേയ്ക്ക് **ക്ഷീര ജാലകം** സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ജില്ലയിൽ ഫീൽഡ് തലത്തിൽ ക്ഷീര കർഷകരെയും ക്ഷീര സംഘങ്ങളെയും സഹായിക്കുന്നതിനും ഓൺലൈൻ ജോലികൾ നിർവഹിക്കുന്നതിനും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ദിവസ വേതന അടിസ്ഥാനത്തിൽ ഒരു ഒഴിവിലേയ്ക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത – ഹയർ സെക്കൻഡറി/ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം. പ്രായം 01-06-2026 ന് 18നും -40നും ഇടയിൽ. യോഗ്യത സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം 2026 ജൂൺ 20 വൈകിട്ട് 5 മണിക്ക് മുമ്പായി നേരിട്ടോ, തപാൽ മുഖേനയോ ക്വാളിറ്റി കൺട്രോൾ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, ക്ഷീരവികസന വകുപ്പ്, പട്ടം, തിരുവനന്തപുരം -695004 എന്ന വിലാസത്തിൽ അപേക്ഷിക്കണം. കൂടിക്കാഴ്ചയ്ക്ക് അർഹരായവരുടെ പട്ടിക ജൂൺ 23 ന് രാവിലെ 11 മണിക്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. കൂടിക്കാഴ്ച ജൂൺ 26 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കാര്യാലയത്തിൽ വെച്ച് നടത്തുന്നതാണ്.

ഫോൺ-9446453247, ഇമെയിൽ - qcotvm.dairy@kerala.gov.in, qcotvm@gmail.com

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"ക്ലൗഡ് കൃഷി"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 ജൂൺ 27** ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. ജൂലൈ 7 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **ജൂൺ** 27 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0487-2438566.